കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൂടാളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.10/1234/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇ.മെയിൽ-doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തിയ്യതി : 05.10.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കുടാളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം :- കുടാളി ഗ്രാമപഞ്ചായത്ത് -2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുടാളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ./സി.10/1234/2017 തീയതി : 05.10.2017

# കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

ആമുഖം

കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-07-2017 മുതൽ 15-07-2017 വരെ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 4-7-2017 മുതൽ 15-7-2017 വരെ | ശ്രീമതി.രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആർബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീമതി. ബിസ്മി എസ് നായർ | ഓഡിറ്റർ |

പൊതുവിവരം

സ്ഥാപനത്തിന്റെ പേര് : കുടാളി ഗ്രാമപഞ്ചായത്ത്
വിസ്തീർണ്ണം : 40.27 ച. കി. മീ.
ജനസംഖ്യ : 30239
വാർഡുകളുടെ എണ്ണം : 18
ആകെ ജീവനക്കാരുടെ എണ്ണം
സ്ഥിരം : 16
താൽക്കാലികം : 1
കരാറടിസ്ഥാനത്തിൽ : 5
ആകെ :22

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | പി പി നൌഫൽ | 01/04/2016 മുതൽ 31/03/2017 വരെ |
| സെക്രട്ടറി | എൻ യു ഇബ്രാഹിം | 01/04/2016 മുതൽ 31/03/2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ ( 1-4-2016 മുതൽ 31-3-2017 വരെ)

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് / കാലയളവ് |
|---|---|
| സെക്രട്ടറി | ഇബ്രാഹിം എൻ യു 01/04/2016 – 31/03/2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ലജിത വി എ. 01/04/2016 – 31/03/2017 |
| കൃഷി ഓഫീസർ | വിനോദ് കുമാർ കെ പി 01/04/2016 – 30/06/2016 |
| | സതീഷ് കുമാർ ഡി 01/07/2016 – 08/09/2016 |
| | വിനോദ് കുമാർ കെ പി 09/09/2016- 16/12/2016 |
| | എൻ രാധാകൃഷ്ണൻ നായർ 17/12/2016 -30/01/2017 |

| | |
|---|---|
| | വിന്ധ്യ കുഞ്ഞുമോൻ 31/01/2017 -31/03/2017 |
| വി.ഇ.ഒ<br>കൂടാളി | സീമ ഇ 01/04/2016 – 31/03/2017 |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ശോഭന പി 01/04/2016 – 31/03/2017 |
| മെഡിക്കൽ ഓഫീസർ<br>PHC | ഡോ:സോന ബി നായർ 01/04/2016 – 31/03/2017 |
| അസിസ്റ്റന്റ് സെക്രട്ടറി | എൻ പ്രദീപൻ 01/04/2016 – 16/08/2016 |
| | സ്മിത കെ പി 17/08/2016 – 24/08/2016 |
| | പി എം ബിന്ദു 25/08/2016 – 31/03/2017 |
| വെറ്റിനറി സർജൻ | ഡോ എസ് മഗേഷ് 01/04/2016 – 31/03/2017 |
| മെഡിക്കൽ ഓഫീസർ<br>GAD | ഡോ സുജ ജി നായർ 01/04/2016 – 31/03/2017 |
| ഹെഡ് മാസ്റ്റർ | ബാലകൃഷ്ണൻ പി കെ 01/04/2016 -31/03/2017 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ സുനിൽരാജ് 01/04/2016 – 30/06/2016 |
| | ഡോ സംഗീത ബാലകൃഷ്ണൻ 01/07/2016 – 31/03/2017 |

ഉള്ളടക്കം

| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം 2016-2017 | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് -ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല | 1-11 |
| 12 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല | 1-12 |

| | | |
|---|---|---|
| 13 | ദുരിതാശ്വാസനിധി | 1-13 |
| 14 | മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-14 |
| 15 | ഗ്രാമ സഭ | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 17 | ഡി.&ഒ ലൈസൻസ് അപാകങ്ങൾ | 2-2 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു | 2-3 |
| 19 | വസ്തുനികുതി -കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി-നഷ്ടം ₹4,444 | 2-4 |
| 20 | ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്തില്ല | 3-1 |
| 21 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല | 3-2 |
| 22 | നെൽകൃഷിക്ക് വിത്തും കൂലിചെലവും നൽകൽ - തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയില്ല | 3-3 |
| 23 | ലൈബ്രറി സെസ്സ് ഒടുക്കു വരുത്തിയിട്ടില്ല | 3-4 |
| 24 | പാലിയേറ്റീവ് കെയർ പദ്ധതി- അടച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല | 3-5 |

| | | |
|---|---|---|
| 25 | മണൽ ഓഡിറ്റ് - മുൻകൂർ തുക നൽകിയിട്ടും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 26 | 'വിമുക്തി' പദ്ധതി -ലഭിച്ച തുക ചെലവഴിച്ചിട്ടില്ല | 3-7 |
| 27 | കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയില്ല | 3-8 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലനം - തുകയുടെ വിനിയോഗം ലഭ്യമല്ല- ചെലവ് തുക 312500 തടസ്സപ്പെടുത്തുന്നു | 3-9 |
| 29 | പൂവത്തൂർ വൃദ്ധ വിശ്രമ കേന്ദ്രം കുഴൽ കിണർ നിർമ്മാണം -തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല ചെലവ് തുക രൂപ 150000 തടസ്സപ്പെടുത്തുന്നു | 3-10 |
| 30 | വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - വിനിയോഗിച്ചില്ല | 3-11 |
| 31 | മരാമത്ത് പ്രവൃത്തികൾ- ഫൈൻ ഈടാക്കിയില്ല | 3-12 |
| 32 | കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല ചെലവ് തുക 37,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-13 |
| 33 | സേവന നികുതി ഈടാക്കിയില്ല | 3-14 |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | ചാർജ്ജ് -സർചാർജ്ജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം | 4-7 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | ഓഡിറ്റ് ഇംപാക്ട് | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം-1 |
| 43 | RECEIPT AND PAYMENT STATEMENT | അനുബന്ധം-2 |
| 44 | INCOME AND EXPENDITURE STATEMENT | അനുബന്ധം-3 |

| | | |
|---|---|---|
| | | |
| 45 | BALANCE SHEET | അനുബന്ധം-4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| | | |
|---|---|---|
| വർഷം | 2016-17 | |
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 29/16 തീയ്യതി 05/03/2016 | 44/17 തീയ്യതി 17/03/2017 |
| മുന്നിരിപ്പ് | 12734060 | 6538503 |
| വരവ് | 111582500 | 109297200 |
| ആകെ | 124316560 | 115835703 |
| ചെലവ് | 120998200 | 113043663 |
| നീക്കിയിരിപ്പ് | 3318360 | 2792040 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-2017 | 31-07-2017 | 13-06-2017 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-17 | 07-07-2017 | ഇതേ റിപ്പോർട്ട് നമ്പർ | വിശേഷണങ്ങ |

| | | | |
|---|---|---|---|
| | | തീയ്യതി | ളോട്ട കൂടിയത് |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു

1)ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

2)വസ്തു നികുതി ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3)'സഞ്ചയ' റിപ്പോർട്ട് പ്രകാരമുള്ള വസ്തു നികുതി ഡിമാൻഡും വാർഷിക ധനകാര്യ പത്രികയിലെ ഡിമാൻഡും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) ബി 11 പത്രികയിലുള്ള ആസ്തി സംബന്ധിച്ച വസ്തുതകളുടെ കൃത്യത പരിശോധിക്കുന്നതിന് അവലംബമാക്കാവുന്ന രേഖകൾ ലഭ്യമല്ല.

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16894014 |
| വരവ് | 49570994 |
| ആകെ | 66465008 |
| ചെലവ് | 45748780 |
| നീക്കിയിരിപ്പ് | 20716228 |

## 1-5 ഫണ്ട് വിനിയോഗം 2016-2017

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12120904 | 12120904 | 11218991 | 901913 | 92.55 |
| വികസനഫണ്ട് എസ്.സി. പി | | 1107687 | 1107687 | 884390 | 223297 | 79.84 |
| വികസനഫണ്ട് ടി. എസ്. പി | | 13446 | 13446 | 13446 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | | 6623640 | 6623640 | 4715736 | 1907904 | 71.19 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 3322281 | 3322281 | 2170330 | 1151951 | 65.32 |
| 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് | | 6797805 | 6797805 | 3849248 | 2948557 | 56.62 |
| ബി.ഫണ്ട് | | 45908780 | 45908780 | 45908780 | 0 | 100 |
| ലോകബാങ്ക് സഹായം സെൻട്രൽ ഷെയർ | | 2624149 | 2624149 | 2609746 | 14403 | 99.45 |
| ലോകബാങ്ക് സഹായം സ്റ്റേറ്റ് ഷെയർ | | 935602 | 935602 | 0 | 935602 | 0 |
| എംജിഎൻആർ ഇജിഎസ് | 315 | 16109783 | 16110098 | 16109042 | 1056 | 99.99 |

# 1-6 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിത് (എണ്ണം) | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 164 | 94 | 0 | 70 | 57.31 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 13 | 4767879 | 3822418 | 80.17 |
| അസിസ്റ്റൻറ് സെക്രട്ടറി | 11 | 9 | 1809500 | 1141533 | 63.08 |
| കൃഷി ഓഫീസർ | 5 | 5 | 3232680 | 2993850 | 92 |
| വെറ്ററിനറി സർജൻ | 4 | 4 | 2930000 | 2705000 | 92 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 5 | 3 | 825000 | 449193 | 54.44 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ | 1 | 1 | 450000 | 450000 | 100 |

| | | | | | |
|---|---|---|---|---|---|
| ആയുർവ്വേദം | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 8 | 1824000 | 1406893 | 77.13 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 5 | 5459186 | 5098333 | 93.38 |
| ഹെഡ്മാസ്റ്റർ | 4 | 4 | 251400 | 159044 | 63.26 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 96 | 41 | 36754743 | 15238603 | 41.46 |
| | 164 | 94 | | | |

## 1-7 തനത് വരുമാനം

| വർഷം | ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|---|
| 2016-17 | നികുതി വരവുകൾ | 3873150 | 5934215 | 2061065 | 34.73 |
| | നികുതിയേതര വരവുകൾ | 1296486 | 1453984 | 157498 | 10 |
| | മറ്റുവരവുകൾ | 353517 | 442836 | 89319 | 20.16 |
| | ആകെ | 5523153 | 7831035 | 2307882 | 29.47 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2016-17 | കർഷകതൊഴിലാളി പെൻഷൻ | 6918050 | 751 |
| | തൊഴിൽ രഹിത വേതനം | 221520 | 127 |
| | വിധവാ പെൻഷൻ | 11397750 | 966 |
| | വാർദ്ധക്യകാല പെൻഷൻ | 22113075 | 2085 |
| | വികലാംഗ പെൻഷൻ | 3263865 | 337 |
| | അവിവാഹിത പെൻഷൻ | 1397520 | 124 |
| | വിവാഹ ധനസഹായം | 540000 | 18 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് | ഗുരുതരമായ |
|---|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി | ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 21.04.2004 | 2003-04 | 13.09.2004 | ഇല്ല |
| പെർഫോമെൻസ് ഓഡിറ്റ് | 08/06/2017 | 03/2017 | 22/06/2017 | ഇല്ല |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-07-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2777/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ഗുണഭോക്തൃതെരഞ്ഞെടുപ്പ് -ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല

12-ാം പഞ്ചവത്സരപദ്ധതി മാർഗരേഖയിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ മുൻഗണനയും അർഹതയും ഫീൽഡ് ലവൽ പരിശോധനയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റ് അയൽസഭകളുടെ ശുപാർശകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതും ഗ്രാമസഭ ചർച്ചകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന അന്തിമ മുൻഗണന ലിസ്റ്റ് അംഗീകരിച്ച് മുൻഗണനാക്രമം തെറ്റാതെ ഭരണസമിതി അംഗീകാരം നൽകുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ഭരണസമിതി അംഗീകരിച്ച മുൻഗണനാലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതുണ്ട്.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല എന്നും അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല എന്നും, അങ്ങനെ ആനുകൂല്യം നൽകിയാൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥന് ആയിരിക്കും എന്നും മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഈ അപാകത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല

2004-ലെ കേരള പഞ്ചായത്ത് രാജ്(പൗരാവകാശരേഖ തയ്യാറാക്കൽ)ചട്ടങ്ങൾ, ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ്കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം കഴിയുന്നതും നേരത്തെ എന്നാൽ 6 മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും ചർച്ചചെയ്ത് തീരുമാനിക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ പൗരാവകാശരേഖ തയ്യാറാക്കേണ്ടതും,

നാലാം ചട്ടപ്രകാരം പ്രസ്തുത പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡുകളിലും, പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും, അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വ്യവസ്ഥ പാലിച്ചുകൊണ്ട് പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

## 1-13 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ വ്യവസ്ഥ ചെയ്തത് പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുകയും ഇതിനായി Pattanur സർവീസ് സഹകരണബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.പ്രസ്തുത അക്കൗണ്ടിൽ 13-07-2017 ൽ 59422/- രൂപ നീക്കിയിരിപ്പുണ്ട്.ദുരിതാശ്വാസനിധിയിൽ നിന്ന് നാളിതുവരെ ചെലവുകളൊന്നും ഉണ്ടായിട്ടില്ല.

നിധിയെസംബന്ധിച്ച വരവുചെലവുകണക്കുകൾ രേഖപ്പെടുത്തുന്നതിനായി ഒരു കാഷ്ബുക്കും, നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം, എന്നിവ രേഖപ്പെടുത്താൻ ഒരു രജിസ്റ്ററും, സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിറ്റ്സ് രേഖപ്പെടുത്താൻ ഒരു മിനിറ്റ്സ് പുസ്തകവും സൂക്ഷിക്കേണ്ടതുണ്ട്.എന്നാൽ ഇത്തരം രജിസ്റ്ററുകളൊന്നും തന്നെ പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ദുരിതാശ്വാസനിധി നിധി സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നതിനായി ഗ്രാമസഭകളിലൂടെയും മറ്റും ആവശ്യമായ പ്രചരണം നടത്താവുന്നതും മാറാരോഗങ്ങൾ മൂലവും, മറ്റ് അത്യാഹിതങ്ങൾ മൂലവും ദുരിതമനുഭവിക്കുന്നവരും, നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുന്നതിനുമുള്ള നടപടികൾ ആരംഭിക്കേണ്ടതും, ആവശ്യമായ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-14 മോണിറ്ററിംഗ് കാര്യക്ഷമമല്ല

പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്.വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടത്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ് .എന്നാൽ 2016-17 വർഷം പ്രൊജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലെന്നാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പരിശോധനയിൽ കാണാനായത്.ഒരു പ്രോജക്ടിന്റെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണ് .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനായി സർക്കാർ 13.02.2009 ലെ ജി.ഒ(എം.എസ്)28/2009 ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ ഈ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനപരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല.മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായി നടത്തുന്നതിനാവശ്യമായ

നടപടികൾ കൈക്കൊള്ളേണ്ടതാണ്.ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ് .

## 1-15 ഗ്രാമ സഭ

കൂടാളി ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകളാണ് ഉള്ളത്. ഗ്രാമസഭകളിൽ ജനപങ്കാളിത്തം പൊതുവെ കുറവാണ്. കഷ്ടിച്ച് ക്വാറം തികഞ്ഞ നിലയിലാണ് ചില ഗ്രാമസഭകളിലെ യോഗങ്ങൾ. വാർഷിക പദ്ധതി അവലോകനം, ഓഡിറ്റ് റിപ്പോർട്ട് എന്നിവ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ സഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനും ഗ്രാമ സഭയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

കൂടാളി ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഹൊറൈസൺ ഇംഗ്ലീഷ് സ്കൂൾ | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | ടി.എസ്.നം.16 തുളച്ച കിണർ | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 3 | ടി.എസ്.നം.18 മൂടേരി | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

നികുതി ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

## 2-2 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

കൂടാളി ഗ്രാമ പഞ്ചായത്തിന്റെ 2016-17വർഷത്തെ ഡി.&ഒ.ലൈസൻസ് അപേ ക്ഷകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1. ഡി.&ഒ.ലൈസൻസ് അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

2016-17വർഷത്തെ ക്രമ.നം. 74,372,373,374,376,377,330അപേക്ഷകൾ ഹാജരാ

ക്കിയില്ല.

2. ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല.

2016-17വർഷത്തെ ഹാജരാക്കിയ 371 ഡി.&ഒ.ലൈസൻസ് അപേക്ഷകളിൽ 62 അപേക്ഷകളിൽ

ദിവസ വരുമാനം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾ പൂർണ്ണമാണോ എന്ന് സെക്ഷനിലും മേലാധികാരികളും പരിശോധിക്കേണ്ടതാണ്.

3. അന്വേഷണ റിപ്പോർട്ട് ഇല്ലാത്ത അപേക്ഷകൾ

2016-17വർഷത്തെ 268അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ഇല്ല. അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കി മാത്രമേ ലൈസൻസ് അനുവദിക്കാൻ പാടുള്ളൂ.

4.സമ്മതപത്രം ഹാജരാക്കുന്നില്ല

വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം കെട്ടിട ഉടമയുടെസമ്മതപത്രംഹാജരാക്കുന്നില്ല2016-17വർഷം ഹാജരാക്കിയ 167 അപേക്ഷകളോടൊപ്പം സമ്മതപത്രം ഹാജരാക്കിയിട്ടില്ല. സമ്മതപത്രം ഹാജരാക്കാത്ത അപേക്ഷകളിൽ ലൈസൻസ് അനുവദിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

5.ആവശ്യമായ രേഖകൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചു

കുടാളി ഗ്രാമ പഞ്ചായത്ത് ഡി& ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ ആവശ്യമായ രേഖകൾ ഇല്ലാത്ത സ്ഥാപനങ്ങളും ഉൾപ്പെടുന്നു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ/സ്ഥാപനം | വാർഡ്/കെട്ടിട നം | ഡി&ഒ അനുവദിച്ച കാലയളവ് | ഒടുക്കിയ ഫീസ്/രസീത് നം./തിയ്യതി. | ഇല്ലാത്ത രേഖകൾ |
|---|---|---|---|---|---|
| 1 | മഠപ്പുരക്കൽ മനോഹരൻ<br>മുണ്ടപ്പറമ്പ് സ്റ്റോൺ ക്രഷർ | 18/239സി | 01-04-2016 മുതൽ<br>31-03-2017<br>വരെ | 2000<br>11601104955<br>24-02-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി |
| 2 | നജ്മുദ്ദീൻ കെ.<br>ഹോളോബ്രിക്സ് നിർമ്മാണം | 12/84 | 01-04-2016 മുതൽ<br>31-03-2017<br>വരെ | 1000<br>11601105068<br>25-02-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി |
| 3 | മിഥുൻ ലാൽ കെ.മുകുന്ദൻ<br>വിവേക് എം.വി.<br>ജയ് ജവാൻ ഫ്യുവൽസ് | 11/211എ | 01-04-2016 മുതൽ<br>31-03-2017<br>വരെ | 4000<br>11601104972<br>24-02-2016 | അഗ്നി രക്ഷാ സേവന വകുപ്പിന്റെ നിരാക്ഷേപ പത്രം കാലാവധി 15-05-2016 വരെ മാത്രം |

| | | | | | |
|---|---|---|---|---|---|
| 4 | സി.അബൂബക്കർ സിദ്ദിഖ്<br>സെമി സോ മിൽ&വുഡ് ഇൻഡസ്ട്രീസ് | 3/287 | 01-04-2016 മുതൽ<br>31-03-2017 വരെ | 1000<br>11601105273<br>29-02-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-12-2016 വരെ മാത്രം |
| 5. | കെ.ബുഷ്റ<br>എക്സൽ പോളിമേർസ് | 1/613 | 01-04-2016 മുതൽ<br>31-03-2017 വരെ | 2000+500<br>11601108937<br>20-03-2017 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി. |
| 6. | സി.പി.ജംഷീദ്<br>ഹോളിവുഡ് പാനൽസ് | 1/611 | 01-04-2016 മുതൽ<br>31-03-2017 വരെ | 2000+500<br>11601108940<br>20-03-2017 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി. |
| 7. | കെ.നസ്രീൻ<br>ന്യൂ വിക്ടറി പ്ലൈവുഡ് | 1/598 | 01-04-2016 മുതൽ<br>31-03-2017 വരെ | 2000+500<br>11601108943<br>20-03-2017 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി. |
| 8. | സി.വി. മറിയം<br>സോ മിൽ | 1/567,570 | 01-04-2016 മുതൽ<br>31-03-2017 വരെ | 2000+500<br>11601109252<br>27-03-2017 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. |
| 9. | സി.പി. സുഹറ<br>പ്ലൈവുഡ് നിർമ്മാണം | 1/610 | 01-04-2016 മുതൽ<br>31-03-2017 വരെ | 2000+500<br>11601108931<br>20-03-2017 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. |
| 10. | സി.എച്ച്. യൂസഫ് ഹാജി<br>വൈ.എസ്. ഹാച്ചറി | 15/119 എ | 01-04-2016 മുതൽ<br>31-03-2017 വരെ | 1000+250<br>11601104710<br>23-11-2016 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി. |

| | | | | | |
|---|---|---|---|---|---|
| 11. | ഷീബ ഇ.പി.<br>കോഴിഫാം | 11/499എ | 01-04-2016 മുതൽ<br>31-03-2017 വരെ | 100+25<br>11601104462<br>15-11-2016 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി. |
| 12. | പവിത്രൻ പി.വി<br>കോഴിഫാം | 7/108 | 01-04-2016 മുതൽ<br>31-03-2017 വരെ | 100+25<br>11601103214<br>14-10-2016 | മലിനീകരണ നിയന്ത്രണ ബോർഡി ന്റെ അനുമതി |
| 13. | ഡോ.ശ്രീകല എ.പി.<br>ആയുർവേദ മരുന്ന് ഷാപ്പ്&കൺസൾട്ടൻസി | 14/476 | 01-04-2016 മുതൽ<br>31-03-2017 | 200<br>11601102828<br>27-09-2016 | ഡോക്ടറുടെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. |
| 14. | കെ.സി. ജെയിംസ്.<br>റീന എഞ്ചിനിയേർസ് | 7/344 | 01-04-2016 മുതൽ<br>31-03-2017 | 4000<br>11601104809<br>22-02-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 30-03-2016 വരെ മാത്രം |
| 15. | വിജേഷ് കെ. ഓട്ടോ മൊബൈൽ വർ ക്ക് ഷോപ്പ് | 3/483 | 01-04-2016 മുതൽ<br>31-03-2017 | 200+50<br>11601100173<br>08-04-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-08-2016 വരെ മാത്രം |
| 16. | പൂക്കണ്ടി കരുണാകരൻ<br>സോ മിൽ | 18/306 | 01-04-2016 മുതൽ<br>31-03-2017 | 1000+250<br>11601102864<br>27-09-2016 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-12-2016 വരെ മാത്രം |
| 17. | പ്രദീപ് കുമാർ കെ.<br>ടയർ റീസോൾ | 2/353 | 01-04-2016 മുതൽ | 200+50<br>11601101817 | മലിനീകരണ നിയന്ത്രണ |

| | | | | | |
|---|---|---|---|---|---|
| | | | 31-03-2017 | 14-07-2016 | ബോർഡിന്റെ അനുമതി കാലാവധി 31-01-2017 വരെ മാത്രം |

ആവശ്യമായ രേഖകൾ ഇല്ലാതെ ഡി &ഒ ലൈസൻസ് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 2-3 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. എന്നാൽ കൂടാളി ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിട്ടില്ല

| ക്രമ നം | കെട്ടിട നമ്പർ | അപേക്ഷകൻ/സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 14/584 | കെ.ടി.പ്രമോദ്.<br>കൂടാളി സ്പെഷ്യാലിറ്റി മെഡിക്കൽ ലാബ് |
| 2 | ലഭ്യമല്ല | ഡോ.ആദിലക്ഷമി ആനന്ദ്<br>ആരതി ഹോസ്പിറ്റൽ മൂലക്കരി. |
| 3 | ലഭ്യമല്ല | ഡോ.ധന്യ രാധ്<br>ചൈതന്യ ഹോമിയോ ഡിസ്പെൻസറി,നായാട്ടുപാറ. |
| 4. | 14/476 | ഡോ.ശ്രീകല എ.പി.<br>ആയുർവേദ മരുന്ന് ഷാപ്പ്&കൺസൺട്ടൻസി |
| 5. | 3/174 | റിബലീഷ് കടവത്ത് വള്ളിൽ<br>മെഡിക്കൽ ലാബ്. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം13/17 തിയ്യതി.13-07-17)മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ എത്രയും പെട്ടെന്ന് ചെയ്യുന്നതാണെന്ന് അറിയിച്ചു.

## 2-4 വസ്തുനികുതി -കുറഞ്ഞ നിരക്കിൽ നികുതി കണക്കാക്കി-നഷ്ടം ₹4,442

14-10-2011 ലെ എ2-5544/11 കൂടാളി ഗ്രാമ പഞ്ചായത്ത് വസ്തുനികുതി പരിഷ്കരണ വിജ്ഞാപനം അനുസരിച്ച് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100ച.മീ. വരെ ₹50/ച.മീ. നിരക്കിലും 100 ച.മീ. ന് മുകളിൽ തറവിസ്തീ ർണ്ണമുള്ള കെട്ടിടങ്ങൾക്ക് ₹55/ച.മീ. നിരക്കിലുമാണ് നികുതി കണക്കാക്കേണ്ടത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4 ഉപചട്ടം 1-ൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ ഓരോ ഭാഗത്തിനും വിവിധ നമ്പർ നൽകി 100 ച.മീ. കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ രൂപ 50/ച.മീ. ആണ് ചുമത്തിയിരിക്കുന്നത്. കുറഞ്ഞ നിരിക്കിൽ നികുതി കണക്കാക്കിയതിനാൽ പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിടം ഉടമ/കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | വാർഡ്/ കെട്ടിട നം. /വിസ്തീർണ്ണം | നികുതി നിർണ്ണയം അംഗീകരിച്ച തിയ്യതി | നിർണ്ണയിച്ച നികുതി ₹ (20% വർദ്ധനവ് ഉൾപ്പെടെ) | ഈടാക്കിയ നികുതി/ രസീത് നമ്പർ/ തിയ്യതി |
|---|---|---|---|---|---|
| 1 | രാജേഷ് ചോറോൻ 239.74 ച.മീ. | VII/411A 57.11 ച.മീ. | 23-03-17 | 3427+172 =3599 | 1799(രണ്ടാം അർദ്ധവർഷം) 11601109161 23-03-2017 |
| | | VII/411B 23.98ച.മീ. | | 1439+72 =1511 | 755(രണ്ടാം അർദ്ധവർഷം) 11601109162 23-03-2017 |
| | | VII/411C | | 1348+68 | 708(രണ്ടാം അർദ്ധവർഷം) |

| | | | | | | |
|---|---|---|---|---|---|---|
| | | 22.47ച.മീ. | | =1417 | 11601109163<br>23-03-2017 |
| | | VII/411D<br>72.68ച.മീ. | | 4143+208<br>=4351 | 2175(രണ്ടാം അർദ്ധവർഷം)<br>11601109164<br>23-03-2017 |
| | | VII/411E<br>63.50ച.മീ. | | 3620+181<br>=3801 | 1900(രണ്ടാം അർദ്ധവർഷം)<br>11601109165<br>23-03-2017 |
| ഈടാക്കേണ്ട നികുതി (ആകെ) = 15823 + 791 = 166114<br>ഈടാക്കേണ്ട നികുതി (2-ാം അർദ്ധവർഷം) = 7911 + 395 = 8306<br>ഈടാക്കിയ നികുതി (2-ാം അർദ്ധവർഷം) = 7337<br>കുറവ് വന്ന തുക = 969 | | | | | |
| 2 | കീത്തടത്ത് കമറുദ്ദീൻ<br>135.25 ച.മീ. | IV/148A<br>18.06ച.മീ. | 24-11-17 | 1084+55<br>=1139 | 1139<br>11601104778<br>24-11-2016 |
| | | IV/148B<br>16.74ച.മീ. | | 1005+51<br>=1056 | 1056<br>11601104779<br>24-11-2016 |
| | | IV/148C<br>42.39ച.മീ. | | 2544+128<br>=2672 | 2672<br>11601104780<br>24-11-2016 |
| | | IV/148D<br>20.22ച.മീ. | | 1214+61<br>=1275 | 1275<br>11601104781<br>24-11-2016 |

| | | | | | |
|---|---|---|---|---|---|
| | | IV/148E<br>17.18ച.മീ. | | 1031+62<br>=1083 | 1083<br>11601104784<br>24-11-2016 |
| | | IV/148F<br>20.66ച.മീ. | | 1240+62<br>=1302 | 1302<br>11601104785<br>24-11-2016 |
| ഈടാക്കേണ്ട നികുതി = 8926+446 = 9372<br>ഈടാക്കിയ നികുതി = 8527<br>കുറവ് = 845 | | | | | |
| 3 | വി.വി. ഗോവിന്ദൻ<br>113.96 ച.മീ. | V/183C<br>35.63ച.മീ. | 24-11-17 | 2138+107<br>=2245 | 2245<br>11601104792<br>24-11-2016 |
| | | V/183D<br>18.27ച.മീ. | | 1097+55<br>=1152 | 1152<br>11601104793<br>24-11-2016 |
| | | V/183E<br>15.64ച.മീ. | | 939+47<br>=986 | 986<br>11601104794<br>24-11-2016 |
| | | V/183F<br>31.09ച.മീ. | | 1866+94<br>=1960 | 1960<br>11601104795<br>24-11-2016 |
| | | V/183G<br>13.33ച.മീ. | | 800+40<br>=840 | 840<br>11601104796<br>24-11-2016 |

ഈടാക്കേണ്ട നികുതി = 7521 + 376 = 7897
ഈടാക്കിയ നികുതി = 7183
കുറവ് = 714

| | | | | | |
|---|---|---|---|---|---|
| 4 | കെ.മുഹമ്മദ് സലീം<br>135.24 ച.മീ. | XI/285A<br>57.38ച.മീ. | 03-12-16 | 3443+173<br>=3616 | 3616<br>11601104950<br>03-12-2016 |
| | | XI/285B<br>77.86ച.മീ. | | 4439+222<br>=4661 | 4661<br>11601104951<br>03-12-2016 |

ഈടാക്കേണ്ട നികുതി = 8926 + 446 = 9372
ഈടാക്കിയ നികുതി = 8277
കുറവ് = 1095

| | | | | | |
|---|---|---|---|---|---|
| 5 | മണ്ഡലം പ്രസിഡന്റ്. കൂടാളി വില്ലേജ് കോൺഗ്രസ്സ് കമ്മിറ്റി.<br>112.74 ച.മീ. | XIV/677A<br>15.10ച.മീ. | 20-03-17 | 906+46<br>=952 | 476(രണ്ടാം അർദ്ധവർഷം)<br>11601108965<br>23-03-2017 |
| | | XIV/677B<br>38.03ച.മീ. | | 2168+109<br>=2277 | 1138(രണ്ടാം അർദ്ധവർഷം)<br>11601108966<br>23-03-2017 |
| | | XIV/677C<br>21.46ച.മീ. | | 1224+62<br>=1286 | 643(രണ്ടാം അർദ്ധവർഷം)<br>11601108967<br>23-03-2017 |
| | | XIV/677D<br>38.15ച.മീ. | | 2175+109<br>=2284 | 1141(രണ്ടാം അർദ്ധവർഷം)<br>11601108968 |

| | | | | | |
|---|---|---|---|---|---|
| | | | | | 23-03-2017 |
| ഈടാക്കേണ്ട നികുതി (ആകെ) = 7441 + 372 = 7813<br>ഈടാക്കേണ്ട നികുതി (രണ്ടാം അർദ്ധവർഷം) = 3720+186 = 3906<br>ഈടാക്കിയ നികുതി = 3398<br>കുറവ് = 508 | | | | | |
| 6 | കിണാക്കൂൽ ആലക്കണ്ടി അനീസ്<br>108.91 ച.മീ. (10% വർദ്ധനവ്) | V/102J<br>65.69ച.മീ. | 28-03-17 | 3613+181<br>=3794 | 1896(രണ്ടാം അർദ്ധവർഷം)<br>11601109402<br>28-03-2017 |
| | | V/102K<br>21.61 ച.മീ. | | 1189+60<br>=1249 | 624(രണ്ടാം അർദ്ധവർഷം)<br>11601109403<br>28-03-2017 |
| | | V/102L<br>21.61ച.മീ. | | 1189+60<br>=1249 | 628(രണ്ടാം അർദ്ധവർഷം)<br>11601109404<br>28-03-2017 |
| ഈടാക്കേണ്ട നികുതി (ആകെ) = 6589 + 329 = 6918<br>ഈടാക്കേണ്ട നികുതി (രണ്ടാം അർദ്ധവർഷം) = 3459<br>ഈടാക്കിയ നികുതി = 3148<br>കുറവ് = 311<br>ആകെ മൊത്തം കുറവ് = 4442 | | | | | |

ഈടാക്കാൻ കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.ആവശ്യമായ തിരുത്തലുകൾ രജിസ്റ്ററുകളിലും ഡിജിറ്റൽ രേഖകളിലും വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ ടെണ്ടർ - ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്കും വാറ്റ് സർക്കാർ ഫണ്ടിലേക്കും ക്രഡിറ്റ് ചെയ്യില്ല

ധനകാര്യവകുപ്പിന്റെ ജി.ഒ.(പി) 429/2015/ഫിൻ/28-09-2015 ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ).പത്ത് ലക്ഷത്തിന് മുകളിൽ ഒരു കോടി വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. 2016-17 വർഷം ഇ ടെണ്ടർ മുഖേന 11 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ ടെണ്ടർ സമർപ്പിച്ച ഓരോ കരാറുകാരനും ഓൺലൈനായി ടെണ്ടർ ഫീസും വാറ്റും അടക്കമുള്ള തുക എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർഫീസ് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ, പേര് | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| 1 | 123/17 | പട്ടാന്നൂർ സ്കൂൾ ചുണ്ടേൽ റോഡ് ടാറിംഗ് | 2320 |
| 2 | 86/17 | മൂലക്കരി -പൂത്തിരിച്ചാൽ- കാനച്ചേരി റോഡ് ടാറിംഗ് | 3480 |
| 3 | 100/17 | കൊടോളിപ്രം വായനശാല-കായലോട് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 4200 |
| 4 | 117/17 | പാലം ഫെഡ് മുണ്ടേരി കനാൽറോഡ് റീ ടാറിംഗ് | 5040 |
| 5 | 68/17 | പാലം കുരാരി റോഡ് റീ ടാറിംഗ് | 5040 |
| 6 | 69/17 | ആയിപ്പുഴ കിഴക്കെ വയൽ കരിമ്പനവയൽ റോഡ് റീ ടാറിംഗ് | 1580 |
| 7 | | കൊടോളിപ്രം എൽ. പി .സ്കൂൾ ശതാബ്ദിമന്ദിരം | 3780 |
| 8 | | താഴെ കൊളോളം ഫുട്പാത്ത് | 2100 |
| 9 | | കുടാളി പോസ്റ്റ് ഓഫീസ്-അപ്പക്കടവ് റോഡ് പുനരുദ്ധാരണം | 10520 |

| | | | |
|---|---|---|---|
| 10 | | നായാട്ടുപാറ വരുവക്കുണ്ട് റോഡ് പുനരുദ്ധാരണം | 5260 |
| 11 | | കൂരാരി പുളിക്കാക്കുന്ന്റോഡ് കോൺക്രീറ്റിംഗ് | 3780 |
| | | ആകെ | 47,100 |

## 3-2 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ടിന്റെ പേര് | :ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | :61/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | :മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | :₹1,50,000 /-( മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ബിൽ നമ്പർ | :1/16-17 |
| ബിൽ തീയതി | :27-01-2017 |

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയിൽ നിന്ന് 1,50,000 രൂപയുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് 1,50,000 രൂപയുടെ ഡി.ഡി (ഡി.ഡി.നമ്പർ220172/30-01-17) അയച്ചതായും 13-02-2017 ൽ തുക അവർ കൈപ്പറ്റിയതായും ഫയലിൽ കാണുന്നു. എന്നാൽ നാളിതുവരെയായും കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയിൽ നിന്ന് മരുന്ന് ലഭ്യമായി കാണുന്നില്ല. പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുമില്ല. മരുന്ന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഫോണിൽ ബന്ധപ്പെട്ടതായും കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്നും ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/16-17 തിയ്യതി 05-7-2017) ലഭ്യമാക്കിയ മറുപടിയിൽ മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 നെൽകൃഷിക്ക് വിത്തും കൂലിചെലവും നൽകൽ - തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | നെൽകൃഷിക്ക് വിത്തും കൂലിചെലവും നൽകൽ |
| പ്രൊജക്റ്റ് നമ്പർ | 12/17 |
| അടങ്കൽ | 579350 /-(വികസന ഫണ്ട്.) |

| | |
|---|---|
| | 419750/- ഗുണഭോക്തൃവിഹിതം<br>ആകെ: 999100 |
| ചെലവ് | 159600<br>419750<br>............<br>579350<br>................ |
| ബിൽ നമ്പർ/തീയ്യതി | 1/16-17//8-3-17,4/16-17//27-3-17 |

മേൽ പ്രോജക്ടിന്റെ ചെലവ് തുകയായ ₹579350യിൽ ₹126000 കൂലി ചെലവിനത്തിലും, ₹293750 ജൈവ വളത്തിന് സബ്സിഡി നൽകുന്നതിനും, ₹159600 വിത്ത് വാങ്ങുന്നതിനും ആണ് ചെലവഴിച്ചിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്) നമ്പർ 4 /2016 /തസ്വഭവ, തിരുവനന്തപുരം, തീയതി 11-01-2016) അനുബന്ധം 15 - 3(1)5-ൽ കൂലി ചെലവ് നൽകുന്ന പദ്ധതികളിൽ നടീലും, കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി ഉപയോഗപെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ എന്നുള്ള വിവരം പരിശോധിച്ചതിൽ നിന്നും , ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു. ഭാവിയിൽ ഇത്തരം പ്രൊജക്ടുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ് .

## 3-4 ലൈബ്രറി സെസ്സ് ഒടുക്ക വരുത്തിയിട്ടില്ല

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക യഥാസമയം ലൈബ്രറി കൗൺസിലിൽ ഒടുക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തെ തുകയായ 554594.70 രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല. 20.09.2005 ലെ 10058/എൽ3/05/ത.സ്വ.ഭ.വ നമ്പർ സർക്കാർ സർക്കുലർ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും, 2-ാംഗഡു നവംബർ 30-നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുന്നതും, ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടിശ്ശിക തുക എത്രയും വേഗം ലൈബ്രറി കൗൺസിലിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് കെയർ പദ്ധതി- അടച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചില്ല

മെഡിക്കൽ ഓഫീസറുടെ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് മുൻകൂറായി പണം നൽകിയിട്ടുണ്ടെങ്കിലും മരുന്ന നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| പ്രോജക്ടിന്റെ വിശദാംശം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവ്വഹണ ഏജൻസി | അഡ്വാൻസായി നൽകിയ തുക ബിൽ നം/ ചെക്ക് നം. | നാളിതുവരെ ലഭിച്ചത് | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|
| പാലിയേറ്റീവ് കെയർ പദ്ധതി 54/17, അടങ്കൽ- 400000 വികസന ഫണ്ട് (ജനറൽ) | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ | 93387/ ബിൽ നം/തീ. 4/17-30.01.17 | - | 93387 |

മേൽപ്പറഞ്ഞ പ്രോജക്ട പ്രകാരം ലഭിക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 മണൽ ഓഡിറ്റ് - മുൻകൂർ തുക നൽകിയിട്ടും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം 21600563/15-11-2016 പ്രകാരം മണൽ ഓഡിറ്റ് ഫീസ് ആയി 65800രൂപ എക്സിക്യൂട്ടീവ് ഡയറക്ടർ, സെന്റർ ഫോർ എൻവിറോണ്മെന്റ് ആൻഡ് ഡെവലപ്മെന്റ് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി എഗ്രിമെന്റ് വച്ചതായോ സ്ഥാപനം പഠനം നടത്തി ഓഡിറ്റ് റിപ്പോർട്ട് സമർപ്പിച്ചതായോ ഉള്ള വിവരങ്ങൾ ലഭ്യമല്ല. മണൽ ഓഡിറ്റ് റിപ്പോർട്ട് ലഭിക്കാൻ കാല താമസം ഉണ്ടായാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തെ അത് ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

## 3-7 'വിമുക്തി' പദ്ധതി -ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ ക്യാമ്പുകളും സാമൂഹ്യ പ്രസക്തിയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് രൂപം കൊടുത്ത 'വിമുക്തി' പദ്ധതി പ്രകാരംപ്രസ്തുത വകുപ്പ് ഗ്രാമപഞ്ചായത്തിന് നൽകിയ 25000 രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ലഹരിയുടെ വിപത്തിനെ ചെറുക്കുന്നതിനും

അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു ഉത്തരവാദിത്വമായി ഏറ്റെടുത്ത് നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതി മാർച്ച് മാസം തന്നെ നടപ്പിലാക്കിയെന്നും ചെലവ് വൗച്ചറുകൾ ഉടനെ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

## 3-8 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 645756/- രൂപയാണ് ഒടുക്കിയിട്ടുള്ളത് . എന്നാൽ മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്ന് ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്, 2015-16 വർഷത്തെ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തപരിശോധനക്കായി കേരള വാട്ടർ അതോറിറ്റിക്ക് കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെയായി അനുകൂല മറുപടി ലഭിച്ചിട്ടില്ല എന്നു അറിയിച്ചിട്ടുണ്ട്. മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമാണോ എന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളൂ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലനം - തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറിസർജൻ-

പ്രോജക്ട് നമ്പർ : 74/17

പ്രോജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലനം

വകയിരുത്തിയ തുക : ₹312500വികസനഫണ്ട്

: ₹ 312500 സംസ്ഥാന വിഹിതം

: ₹ 625000 ഗുണഭോക്തൃ വിഹിതം

ആകെ: ₹1250000

ചെലവു തുക : ₹312500വികസനഫണ്ട് ബിൽ നമ്പർ/തീയ്യതി:1/16-17/ 18-02-17

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹312500 (വികസനഫണ്ട്) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന വിഹിതം നൽകിയതിന്റെ വിവരം ലഭ്യമായിട്ടില്ല. മേൽ പദ്ധതി പ്രകാരം എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ ₹312500 രൂപ വിനിയോഗിക്കുന്ന മുറയ്ക്ക് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-10 പുത്തൂർ വൃദ്ധ വിശ്രമ കേന്ദ്രം കുഴൽ കിണർ നിർമ്മാണം - തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല - ചെലവ് തുക 150000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : 58 /17

പ്രോജക്ടിന്റെ പേര് : പൂവത്തൂർ വൃദ്ധ വിശ്രമ കേന്ദ്രം കുഴൽ കിണർ നിർമ്മാണം

വകയിരുത്തിയ തുക : ₹150,000 വികസനഫണ്ട്

ചെലവു തുക : ₹150,000 ബിൽ നമ്പർ/തീയ്യതി: 18 /16-17// 22 -2 -17

പൂവത്തൂർ വൃദ്ധ വിശ്രമ കേന്ദ്രം കുഴൽ കിണൽ നിർമ്മാണത്തിന് കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിന് മേൽപ്പറഞ്ഞ പ്രകാരം നൽകിയതുക നാളിതുവരെ വിനിയോഗിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റിന് നൽകിയ ₹150000യുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 150000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-11 വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ - വിനിയോഗിച്ചില്ല

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് (B4ഷെഡ്യൂൾ) പ്രകാരം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നീക്കിയിരിപ്പ് |
|---|---|
| ഐ സി ഡി എസ് | 795490 |
| സാക്ഷരത | 13029 |
| MPLAD | 3500 |
| ശുചിത്വ മിഷൻ | 343275 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 25000 |

## 3-12 മരാമത്ത് പ്രവൃത്തികൾ- ഫൈൻ ഈടാക്കിയില്ല

ജി.ഒ.(പി.)13/2012/പി.ഡബ്ല്യൂ.ഡി./1.2.12 കേരള പൊതുമരാമത്ത് മാന്വൽ പ്രകാരം പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിന്റെ പിഴ ഈടാക്കി ദീർഘിപ്പിക്കാം. [ആദ്യതവണ പി.എ.സി. യുടെ 1% (മിനിമം 1000, മാക്സിമം 50000) ആദ്യതവണയ്ക്ക് ശേഷം പി.എ.സി.യുടെ 2% (മിനിമം 2000 മാക്സിമം 100000)]

2016-17 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിശ്ചിത സമയപരിധിക്കകം പൂർത്തിയാക്കാതിരുന്നിട്ടും വൈകിയ കാലയളവിലേക്ക് കരാറുകാരനിൽനിന്നും

നിയമാനുസൃതമായ പിഴ ഈടാക്കിയതായി കാണുന്നില്ല. .വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | കരാറുകാരൻ | എഗ്രിമെൻറ് തീയ്യതി | പൂർത്തീകരണ തീയ്യതി | പൂർത്തീകരിച്ച തീയ്യതി | പി.എ.സി. തുക |
|---|---|---|---|---|---|---|
| 1 | പഞ്ചായത്ത് കോമ്പൗണ്ടിലെ ആർ.സി.സി റീടെയിനിംഗ് വാൾ നിർമ്മാണം ഓഫീസ് 121/17 | ശ്രീ. പി .പി. ശശികുമാർ | 28-05-16 | 28.8.16 | 1-11-16 | 6,89,468 |
| 2 | പാലം ഫെഡ് മുഴപ്പാല കനാൽ റോഡ് ടാറിംഗ് 25/17 | ശ്രീ. പി.വിനോദൻ | 17-03-16 | 17.6.16 | 1-12-16 | 5,23,362 |
| 3 | ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി 41/17 | ശ്രീ. പി .പി. ശശികുമാർ | 9-03-16 | ലഭ്യമല്ല | 16-12-16* | 68,182 |
| 4 | കവിടിശേരി നടപ്പാതയ്ക്ക് കൾവർട്ട് 29/17 | ശ്രീ. എ.രാമചന്ദ്രൻ | 5-10-15 | 5.1.16 | 31-05-16 | 3,78,270 |
| 5 | ആയുർവേദ ആശുപത്രി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 24/17 | ശ്രീ. പി .പി. ശശികുമാർ | 23-12-14 | 90ദിവസം 23.3.15 | 21-12-16 | 1,77,797 |

* ഒരു ദിവസം കൊണ്ട് ചെയ്യേണ്ട പ്രവൃത്തി ഒൻപത് മാസത്തിന് ശേഷമാണ് ചെയ്തിരിക്കുന്നത്.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും വൈകിയ കാലയളവിലേക്ക് പിഴ ഈടാക്കേണ്ടതാണ്.

## 3-13 കൈപ്പറ്റ് രശീതി ഹാജരാക്കിയില്ല ചെലവ് തുക 37,500 രൂപ

## ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രൊജക്ടിൻെറ പേര് -ഉടർ വിദ്യാഭ്യാസ പരിപാടി

പ്രൊജക്റ്റ് നമ്പർ -91/17

അടങ്കൽ -58,000രൂ.(തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ് മാസ്റ്റർ

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം കൂടാളി ഗ്രാമ പഞ്ചായത്തിലെ പത്താം തരം തുല്യതാ പഠനം നടത്തുന്ന 25 പഠിതാക്കളുടെ പരീക്ഷാ ഫീസിനത്തിൽ 37,500 രൂപ (ചെക്ക് നമ്പർ 1113850 തീ. 22.3.17 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച തനത് ഫണ്ട്) സാക്ഷരതാ മിഷൻ ഡയരക്ടരുടെ പേരിലുള്ള എസ് .ബി .ടി ശാസ്തമംഗലം ശാഖയിലെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട് . തുകയുടെ കൈപ്പറ്റ് വിവരം ഹാജരാക്കാത്തതിനാൽ ചെലവ് തുക 37,500 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-14 സേവന നികുതി ഈടാക്കിയില്ല

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 25-11-16 ലെ IND&PWD/2/187/ധന കത്തിൽ 1-04-16 മുതൽ ഒരു പ്രവൃത്തിയുടെ സേവനത്തിൻെറ വിലയുടെ 15% ആണ് സേവന നികുതി നിരക്കെന്നും പ്രവൃത്തിയുടെ സേവന ഘടകത്തിൻെറ 15% നിർണ്ണയിക്കാൻ ബുദ്ധിമുട്ടായതിനാൽ ഒറിജിനൽ പ്രവൃത്തികൾക്ക് 15% ൻെറ 40%നിരക്കിലും(6%)അറ്റകുറ്റപ്പണികൾക്ക് 15%ൻെറ 70%(10.5%)നിരക്കിലും സേവന നികുതി ഈടാക്കുവാൻ നിർദ്ദേശംനൽകിയിട്ടുണ്ട്. എന്നാൽ കൂടാളി ഗ്രാമ പഞ്ചായത്തിൽ 16-17വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവന നികുതി ഉൾപെടുത്തിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്,പ്രൊജക്റ്റ് നമ്പർ | എം. ബുക്ക് നമ്പർ | ആകെ പ്രവൃത്തി മൂല്യം | ഈടാക്കേണ്ട സേവന നികുതി |
|---|---|---|---|---|
| 1 | കൊടോളിപ്രം എൽ. പി .സ്കൂൾ അറ്റകുറ്റപ്പണി | 27/17 | 2,76,263 | 29,007 (276263-ന്റെ 10.5%) |
| 2 | ഹോമിയോ ആശുപത്രിക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | 23/17 | 1,36,987 | 8,219 (136987-ന്റെ 6%) |
| 3 | വെറ്റിനറി ഡിസ്പെൻസറിക്ക് അടിസ്ഥാന സൗകര്യം ഒരുക്കൽ | 28/17 | 4,70,365 | 28,222 (470365-ന്റെ 6%) |

| | | | | |
|---|---|---|---|---|
| | | | ആകെ | 65,448 |

ഇതു സംബന്ധിച്ച ഓഡിറ്റ് എന്‍ഡക്വയറിക്കുള്ള മറുപടിയിൽ സേവന നികുതി അടച്ച് കരാറുകാരൻ രശീതി ഹാജരാക്കുന്ന മുറയ്ക്ക് തുക റീ ഇംബേഴ്സ് ചെയ്ത് കൊടുക്കുന്നതാണ് എന്നാണ് വിശദീകരിച്ചത്. ഇതു സംബന്ധിച്ച് കരാറുകാരന് കൃത്യമായ നിർദേശം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | ഇരിട്ടി ബ്ലോക്ക് | 46800 | സമഗ്ര നെൽകൃഷി വികസനം | 46800 | 0 |
| 2 | ഇരിട്ടി ബ്ലോക്ക് | 40800 | പാലുല്പാദന ബോണസ് | 40800 | 0 |
| 3 | ജില്ലാ പഞ്ചായത്ത് കണ്ണൂർ | 136775 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 136775 | 0 |
| 4 | ജില്ലാ പഞ്ചായത്ത്, കണ്ണൂർ | 100000 | സാന്ത്വന ചികിത്സ | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളതുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | പൂവ്വത്തുർ വൃദ്ധവിശ്രമ മന്ദിരം കുഴൽകിണർ നിർമ്മാണം | ബിൽ നം. 18/16-17 തീ. 22.2.17 | 150000 | 150000 | നിർമ്മാണം പൂർത്തീകരിച്ചില്ല | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2016-17 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 208822 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 208822 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 208822 |

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| കാനറ ബാങ്ക്, പട്ടാന്നൂർ ബ്രാഞ്ച് (സ്ഥിരനിക്ഷേപം) | 2,08,822 | നം. SNSD 961596 |
| ആകെ | 2,08,822 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2015-16 | 2-2(3)2 | 2400 | മനോജ് കെ ആർ, യൂനിറ്റ് ക്രഷർ എക്യുപ്മെന്റ് | 11601105086 തീയ്യതി 11/1/2017 |
| 2015-16 | 2-2(3)3 | 900 | ജിമ്മി കെസി, റീന മെറ്റൽസ്, ഗ്രനൈറ്റ് സ്റ്റോക്ക് | 11601108867 തീയ്യതി 17/03/2017 |

| | | | | |
|---|---|---|---|---|
| 2015-16 | 2-2(3)4 | 1500 | സുധീർരാജ് , ജെ കെ സിമൻറ്സ് | 11601105815 തീയ്യതി 18/01/2017 |
| ആകെ | | 4800 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | - | ആരോഗ്യ മേഖല | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2016-17

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 49570994 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റെസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 45748780 |
| വരവിനങ്ങളിലുള്ള നഷ്ടം | 4442 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 278300 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 2-4 | 4442 | - | എൻ.യു. ഇബ്രാഹിം<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 65800 | എൻ യു ഇബ്രാഹിം<br>സെക്രട്ടറി |
| 3-7 | 25000 | എൻ യു ഇബ്രാഹിം<br>സെക്രട്ടറി |
| 3-10 | 150000 | എൻ യു ഇബ്രാഹിം<br>സെക്രട്ടറി |
| 3-13 | 37,500 | ബാലകൃഷ്ണൻ.പി<br>ഹെഡ് മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ബിലോ കുറയ്ക്കാതെ കരാറുകാരന് തുക അനുവദിച്ചതിനാലുണ്ടായ നഷ്ടം ₹24,889 രൂപ കൺസോളിഡേറ്റ് ഫണ്ടിലേക്കും തൊഴിൽ നികുതി,ഡി&ഒ ലൈസൻസ് എന്നിവ കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാലുണ്ടായ നഷ്ടം ₹12,812 രൂപ തനത് ഫണ്ടിലേക്കും ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒടുക്കിയിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | തുക ഒടുക്കിയ നിർവ്വഹണ | ഇനം | രസീത് നം. | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നം | ഉദ്യോഗസ്ഥൻ | | | |
| 1 | അസി.എഞ്ചിനീയർ | ടെണ്ടർ ബിലോ കുറക്കേണ്ട തുക | ട്രഷറി ചലാൻ തിയ്യതി 14-07-17 | 24,235 |
| 2 | അസി.എഞ്ചിനീയർ | ടെണ്ടർ ബിലോ കുറക്കേണ്ട തുക | ട്രഷറി ചലാൻ തിയ്യതി 14-07-17 | 654 |
| 3 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101399 | 2500 |
| 4 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101419 | 2500 |
| 5 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101412 | 2500 |
| 6 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101413 | 2500 |
| 7 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101425 | 2500 |
| 8 | സെക്രട്ടറി | സ്ഥാപന തൊഴിൽ നികുതി | 117010101426 | 2500 |

| | | | | |
|---|---|---|---|---|
| 9 | സെക്രട്ടറി | ഡി&ഒ ലൈസൻസ് | 117010101407 | 62 |
| 10 | സെക്രട്ടറി | ഡി&ഒ ലൈസൻസ് | 117010101405 | 125 |
| 11 | സെക്രട്ടറി | ഡി&ഒ ലൈസൻസ് | 117010101416 | 125 |
| | ആകെ | | | 37,701 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽഎഫ്/കെഎൻആർ/സി9-795/15(1), തീയ്യതി 01-09-2015 | 1 |
| 2000-01 | എൽഎഫ്/കെഎൻആർ/സി9-795/15(2), തീയ്യതി 01-09-2015 | 1 |
| 2001-02 | എൽഎഫ്/കെഎൻആർ/സി9-795/15(3), തീയ്യതി 01-09-2015 | 1 |
| 2003-04 | എൽഎഫ്/കെഎൻആർ/സി9-795/15(4), തീയ്യതി 01-09-2015 | 8 |
| 2004-05 | എൽഎഫ്/കെഎൻആർ/സി9-795/15(5), തീയ്യതി 01-09-2015 | 8 |
| 2005-06 | എൽഎഫ്/കെഎൻആർ/സി9-795/15(6), തീയ്യതി 01-09-2015 | 12 |
| 2006-07 | എൽഎഫ്/കെഎൻആർ/സി9-795/15(7), തീയ്യതി 01-09-2015 | 5 |
| 2007-08 | എൽഎഫ്/കെഎൻആർ/സി9-795/15(8), തീയ്യതി 01-09-2015 | 4 |
| 2008-09 | എൽഎഫ്/കെഎൻആർ/സി9-795/15(9), തീയ്യതി 01-09-2015 | 11 |

| | | |
|---|---|---|
| 2009-10 | എൽഎഫ്/കെഎൻആർ/സി9-795/15(10), തീയ്യതി 01-09-2015 | 12 |
| 2010-11,<br>2011-12 | എൽഎഫ്/കെഎൻആർ/സി9-735/13, തീയ്യതി 01-09-2015 | 12 |
| 2012-13 | എൽഎഫ്/കെഎൻആർ/സി9-837/15, തീയ്യതി 03-08-2015 | 7 |
| 2013-14<br>2014-15 | എൽഎഫ്/കെഎൻആർ/സി9-1278/16, തീയ്യതി 22-07-2016 | 14 |
| 2015-16 | കെ.എസ്.എ./കെ.എൻ.ആർ./സി.9/1977/16 തീയ്യതി 6.1.2017 | 21 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം- 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്എ/കെഎൻആർ/സി.10/1234/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യലയം, കണ്ണൂർ,

ഫോൺ:04972707698,

ഇ-മെയിൽ: doknr.ksad@kerala.gov.in

തിയ്യതി : 05.10.2017.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും

പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്-ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൂടാളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

AUDIT CERTIFICATE

No.KSA/KNR/C.10/1234/2017.

Kerala State Audit Department,
District Audit Office, Kannur,
Phone:04972707698
E-Mail: doknr.ksad@kerala.gov.in
Date : 05.10.2017.

Certified that I have audited the Annual Financial Statement of KOODALI GRAMAPANCHAYATH in KANNUR District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the

rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KOODALI GRAMAPANCHAYATH for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

## അനുബന്ധം-2

# RECEIPT AND PAYMENT STATEMENT

Koodali Grama Panchayat

Receipt And Payment Statement

For the period from 01-April-2016 To 31-March-2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 16,628,156.68 |
| | Cash | RP-40(a) | 265,858.00 |
| Receipts | | | |

| | | | |
|---|---|---|---|
| Operating<br>110000000 | Tax Revenue | RP-1 | 1,355,080.00 |
| 140000000 | Fees & User Charges | RP-4 | 642,255.00 |
| 150000000 | Sale & Hire Charges | RP-5 | 456,600.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 10,378,224.00 |
| 171000000 | Interest Earned | RP-9 | 442,836.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28,233,865.00 |
| 350000000 | Other Liabilities | RP-36 | 2,230,545.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 13,300.00 |
| 310000000 | Panchayat Fund | RP-28 | 0.00 |
| 311000000 | Earmarked Funds | RP-29 | 15,437.00 |
| 340000000 | Deposits Received | RP-34 | 118,263.00 |
| 350000000 | Other Liabilities | RP-36 | 750,325.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,934,264.00 |
| Grand Total 66,465,008.68 | | | |
| Payments | | | |
| Operating<br>210000000 | Establishment Expenses | RP-11 | 2,321,844.00 |
| 220000000 | Administrative Expenses | RP-12 | 858,838.00 |
| 230000000 | Operations & Maintenance | RP-13 | 1,303,471.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,110,661.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 10,351,528.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 2,164,756.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 81,827.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 818,520.00 |
| 255000000 | Maintenance Projects | RP-20 | 5,752,987.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 52,119.00 |
| 280000000 | Prior Period Item | RP-26 | 78,179.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3,375.00 |
| 350000000 | Other Liabilities | RP-36 | 6,888,615.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 55,544.00 |
| 280000000 | Prior Period Item | RP-26 | -7,140.00 |
| 340000000 | Deposits Received | RP-34 | 42,385.00 |
| 350000000 | Other Liabilities | RP-36 | 2,149,624.00 |
| 410000000 | Fixed Assets | RP-38 | 4,279,191.00 |
| 412000000 | Capital Work In Progress | RP-40 | 5,299,697.00 |
| 460000000 | Loans, Advances and Deposits | RP-47 | 142,760.00 |
| Closing Balance | | | |
| | Bank | RP-40(b) | 20,507,316.68 |
| | Cash | RP-40(b) | 208,911.00 |
| | | Grand Total | |
| 66,465,008.68 | | | |

# അനുബന്ധം-3

# INCOME AND EXPENDITURE STATEMENT

Koodali Grama Panchayat

Income & Expenditure Statement

For the period from 01-April-2016 to 31-March-2017

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 5,237,445.00 |
| 130000000 | Rental Income from Panchayat Properties | I-3 | 251,378.00 |
| 140000000 | Fees & User Charges | I-4(b) | 781,355.00 |
| 150000000 | Sale & Hire Charges | I-5(b) | 466,580.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 93,429,034.00 |
| 171000000 | Interest Earned | I-8 | 442,836.00 |
| 180000000 | Other Income | I-9 | 13,300.00 |
| A | Total-Income | | 100,621,928.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 8,650,578.00 |
| 220000000 | Administrative Expenses | I-11(b) | 858,838.00 |
| 230000000 | Operations & Maintenance | I-12(b) | 1,303,471.00 |
| 240000000 | Interest & Finance Charges | I-13 | 55,544.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme - Productive Sector | I-14 | 11,232,060.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 21,211,966.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 2,164,756.00 |
| 253000000 | Decentralised Plan Programme - Projects not included in Sector<br>Division | I-14(c) | 81,827.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes<br>(not included under Decentralised Plan Programme) | I-14(d) | 45,908,780.00 |
| 255000000 | Maintenance Projects | I-14(e) | 5,752,987.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 52,119.00 |
| 272000000 | Depreciation | I-17(a) | 13,470,349.00 |
| B | Total-Expenditure | | 110,743,275.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | (10,121,347.00) |
| D= 280000000 | Prior Period Item | I-18 | 403,793.00 |
| E = C-D | Gross Surplus/Deficit of Income over Expenditure after prior period items | | (10,525,140.00) |
| 290000000 | Transfer to Reserve Funds | | |
| | Net Balance being surplus/deficit carried over to Balance sheet<br>(Panchayat Fund) | | |

# അനുബന്ധം-4

# BALANCE SHEET

Koodali Grama Panchayat

Balance Sheet As on 31-03-2017

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES<br>Reserve& Surplus | | |
| 310000000 | Panchayat Fund | B-1 | (5829983.37 |
| 311000000 | Earmarked Funds | B-2 | 46322.00 |
| 312000000 | Reserves | B-3 | 52439290.00 |
| | Total Reserve& Surplus | | 46655628.63 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 1197262.00 |
| | Total Grants,Contributions for specific purposes | | 1197262.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 683991.00 |
| 350000000 | Other Liabilities | B-9 | 1630579.70 |
| | Total Current Liabilities and Provisions | | 2314570.70 |
| | TOTAL LIABILITIES<br>ASSETS<br>Fixed Assets | | 50167461.33 |
| 410000000 | Fixed Assets | B-11 | 58303594.00 |
| 411000000 | Accumulated Depreciation | B-11 | (30756188.00 |
| 412000000 | Capital Work In Progress | B-11(a) | 1169234.00 |
| | Total Fixed Assets | | 28716640.00 |
| | Investments | | |
| 420000000 | Investments | B-12 | 208822.00 |
| | Total Investments | | 208822.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 525571.65 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 20716227.68 |
| 460000000 | Loans, Advances and Deposits | B-18 | 200.00 |
| | Total Current Assets,Loans and Advances | | 21241999.33 |
| | TOTAL ASSETS | | 50167461.33 |